"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - **2025 -26** പാലക്കാട്-പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഓങ്ങല്ലൂർ വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.476/2026/LSGD തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:- 1) 31.08.2025-ലെ സ.ഉ.(സാധാ.)നം.7042/2025/ധന.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.02.2026-ലെ LSGD/PD/3033/2026-EW6-നമ്പർ കത്ത്

ഉത്തരവ്

2025-26 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുബന്ധം-II, വാല്യം-II, ക്രമ നമ്പർ-2760 ആയി 1 കോടി രൂപ എസ്റ്റിമേറ്റ് തുക കണക്കാക്കി 20% വിഹിതം അനുവദിച്ചിരുന്ന പാലക്കാട്, പട്ടാമ്പി നിയോജകമണ്ഡലത്തിലെ **'രാമഗിരി കോട്ട ടൂറിസം പദ്ധതിക്ക്'** പകരമായി ചുവടെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഭേദഗതി ഉത്തരവായിരുന്നു. അതിനാൽ ടി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

1. **തൊണ്ടിയന്നൂർ പൂവ്വക്കോട് കിഴക്കേക്കര റോഡ്- 50 ലക്ഷം രൂപ,**
2. **വല്ലപ്പുഴ വാടാനാംകുറിശ്ശി റോഡ് - 50 ലക്ഷം രൂപ**

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന പാലക്കാട്-പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഓങ്ങല്ലൂർ വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന മേൽ പരാമർശിച്ചിരിക്കുന്ന 2 പ്രവൃത്തികൾക്ക് 100 ലക്ഷം രൂപയുടെ (**നൂറ് ലക്ഷം രൂപയുടെ മാത്രം**) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് "4515-00-800-92(NP) "എന്ന ശീർഷകത്തിൽ അനുവദിച്ച അഡിഷണൽ പ്രൊവിഷനിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

4) ധനകാര്യ വകുപ്പ്.(E:3415218/DEV-3/48/2026-Fin dated 20.02.2026) (AS/ LGD/25/49160)

5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

6) ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

7) കരുതൽ ഫയൽ. (DB2/106/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 25-02-2026 14:26:31